(സി) സന്ദേശ് വൺ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ പരിശീലനം നൽകുന്നില്ല സംരംഭകർക്ക് പരിശീലനം നൽകുന്നത് ഐ.എൽ. &എഫ്.എസ്. സ്കിൽ ഡെവലപ്പ്മെന്റാണ്. 4 മുതൽ 5 മാസം വരെ നീണ്ടുനിൽക്കുന്ന പരിശീലനമാണ് നൽകുന്നത്. പരിശീലനത്തിനായി പദ്ധതിയുടെ നടത്തിപ്പുകാർ ഒരാളിൽ നിന്നും 75,000 രൂപ ഈടാക്കുന്നു.

(ഡി&ഇ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ വായ്പാ മാനദണ്ഡങ്ങൾ പാലിക്കുന്ന എല്ലാ അപേക്ഷകർക്കും കോർപ്പറേഷൻ വായ്പ നൽകി വരുന്നു. വായ്പ വിതരണത്തിനായി പ്രത്യേക ഏജൻസികളെ കോർപ്പറേഷൻ ചുമതലപ്പെടുത്തിയിട്ടില്ല.

## സാമൂഹ്യക്ഷേമ പെൻഷൻ

338(1717) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? പ്രസ്തുത കുടിശ്ശിക വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശികയിനത്തിൽ 1397.70 കോടി രൂപ നൽകാനുണ്ട്.

(ബി) 1. വാർദ്ധക്യകാല പെൻഷൻ - 366.09 കോടി രൂപ

2. വികലാംഗ പെൻഷൻ - 166.70 കോടി രൂപ

3. വിധവാ പെൻഷൻ - 553.20 കോടി രൂപ

4. കർഷക തൊഴിലാളി പെൻഷൻ - 275.83 കോടി രൂപ

5. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ-35.88 കോടി രൂപ

കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1436/2018.

LIBRARY ARCHIVES Kerala Legislative Assembly